31/10/25

TM25D1947

Reg. No :.....

Name :.....

MASTER'S DEGREE (C.S.S) EXAMINATION, OCTOBER 2025

2024 ADMISSIONS REGULAR

SEMESTER III - CORE COURSE

MA3C14M - Dhrishyakalasahithyam

Time : 3 Hours

Maximum Weight : 30

Part A

I. Answer any Eight questions. Each question carries 1 weight (8x1=8)

1. കാർഷികവൃത്തിയുമായി മുടിയേറ്റ് എന്ന അനുഷ്ഠാനകലയ്ക്കുള്ള ബന്ധം വിശദമാക്കുക.
2. ഉത്തരകേരളത്തിൻറെ സാംസ്കാരികജീവിതത്തിൽ തെയ്യാനുഷ്ഠാനത്തിനുള്ള സ്ഥാനമെന്ത്?
3. 'സർവ്വകലാവല്ലഭനും നാടോടിവിജ്ഞനുമായ നായകനാണ് കക്കാരിശ്ശിനാടകത്തിലെ കാക്കാലൻ' -ഈ പ്രസ്താവനയ്ക്ക് സാംഗത്യമെന്ത് ?
4. 'തമ്പുരാനേ ! അടിയത്തുങ്ങൾക്ക് ഈ കാക്കാൻ എന്തു ചോദിച്ചാലും തരാം തരാം എന്ന് പറയത്തേ ഒള്ളേ ' - സന്ദർഭം, ആശയം എന്നിവ വിശദീകരിക്കുക.
5. "പാഞ്ചാല രാജതനയേ"എന്ന കഥകളിപ്പദത്തിന് ആട്ടക്കഥാസാഹിത്യത്തിലുള്ള പ്രാധാന്യമെന്ത്?
6. കഥകളിസംഗീതത്തെ വ്യത്യസ്തമാക്കി നിലനിർത്തുന്ന ഘടകങ്ങൾ എന്തെല്ലാം?
7. രാവണനെ കണ്ട് കിഷ്കിന്ധയിലെ വാനരന്മാർ പ്രതികരിക്കുന്നതെങ്ങനെ?
8. രാവണന് ബാലി നൽകുന്ന ഉപദേശങ്ങൾ എന്തെല്ലാം?
9. പംക്തികണ്ഠ! കേ ജനക ഭവാൻ
എന്തിനിത്ര വളരെപ്പറയുന്നു
ചിന്തിതങ്ങൾ അഖിലങ്ങളേതും
ഒരന്തരം വിനാ സാധിച്ചിടാം""- ആര് ആരോട് പറയുന്നു?സന്ദർഭമേത്?
10. പരിചമുട്ട് കളി, ദഫ്മുട്ട് കളി, എന്നീ കലാരൂപങ്ങളെ പരിചയപ്പെടുത്തുക.

Part B

II. Answer any Six questions. Each question carries 2 weight (6x2=12)

11. പടയണിയും മുടിയേറ്റും തമ്മിലുള്ള പുരാവൃത്തബന്ധം വിശദമാക്കുക.
12. കേരളത്തിലെ അനുഷ്ഠാനകലകളിൽ അമ്മദൈവസങ്കൽപ്പത്തിനുള്ള സ്ഥാനം വ്യക്തമാക്കുക.
13. കാക്കാലന്മാരുടെ ജീവിതദൈന്യത നാടകത്തിൽ പ്രതിഫലിച്ചു കാണുന്നുണ്ടോ?
14. വെട്ടത്ത് സമ്പ്രദായം കഥകളിയിൽ വരുത്തിയ പരിഷ്കാരങ്ങളെന്തെല്ലാം?
15. "അത്ര വന്നതെല്ലാം അബദ്ധം പിണഞ്ഞുമമ
ബുദ്ധിമോശത്താൽ വന്നതത്രയും ക്ഷമിക്കണം" - വക്താവാര്? സന്ദർഭമേത്?
16. കിഷ്കിന്ധയിൽ കഴിയുന്ന രാവണൻറെ ദയനീയചിത്രം നമ്പ്യാർ
അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ?
17. "പാഹി പാഹി പരമേശ്വര!
ദേഹി ദേഹി ദയാമെങ്കിൽ
സാഹസങ്ങൾ കൊണ്ടുവന്ന സങ്കടം തീർക്ക"- ആരുടെ വിലാപം? ഈ വിലാപത്തിനു കാരണമെന്ത്?
18. മധ്യതിരുവിതാംകൂറിലെ നാടോടി കലാരൂപമായ പുലവൃത്തവും പുലയൻ പുറപ്പാടും പരിചയപ്പെടുത്തുക.

Part C

III. Answer any Two questions. Each question carries 5 weight **(2x5=10)**

19. കേവലമൊരു അനുഷ്ഠാനകല എന്നതിനപ്പുറം പ്രതിരോധത്തിൻറെകൂടി കലയായി തെയ്യം മാറുന്നതെങ്ങനെ? വിശദമാക്കുക.
20. കാക്കാരിശ്ശിനാടകത്തിൻറെ ഇതിവൃത്തം, അവതരണരീതി എന്നിവയെക്കുറിച്ച് ഉപന്യസിക്കുക.
21. ചതുർവിധാഭിനയത്തിനും വേഷങ്ങൾക്കും കഥകളിയിലുള്ള സ്ഥാനം പരിശോധിക്കുക.
22. ലാസ്യനൃത്തം എന്ന നിലയിൽ മോഹിനിയാട്ടത്തിൻറെ വികാസവും അപചയവും പുനരുത്ഥാനവും നിരൂപിക്കുക.